കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ,
തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
Website: www.ceikerala.gov.in

An IS 15700 : 2005 Certified Department

1. നനഞ്ഞകൈവിരൽ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കാതിരിക്കുക
2. ഷോക്കുമൂലം അപകടം പറ്റിയ വ്യക്തിയെ വൈദ്യുതബന്ധം വിച്ഛേദിച്ചു എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ സ്പർശിക്കാവൂ. വൈദ്യുതാഘാതമേറ്റു നിൽക്കുന്ന വ്യക്തിയെ ഉണങ്ങിയ തടിക്കഷണം കൊണ്ടോ വൈദ്യുതവാഹിയല്ലാത്തതും ഈർപ്പരഹിതവുമായ വസ്തു ഉപയോഗിച്ചോ വൈദ്യുതി ബന്ധത്തിൽ നിന്നും വേർപ്പെടുത്തുക.
3. വൈദ്യുത കമ്പികളിൽ പൊട്ടിവീഴാൻ സാധ്യതയുള്ള വിധത്തിൽ തെങ്ങ് തുടങ്ങിയ വൃക്ഷങ്ങൾക്ക് ഇരുമ്പു താങ്ങുകമ്പി കെട്ടരുത്.
4. വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ തട്ടാൻ സാധ്യതയുള്ള പ്രകാരം കമ്പി അയ കെട്ടരുത്.
5. കാലാകാലങ്ങളിൽ വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള മരങ്ങൾ വെട്ടിമാറ്റുന്ന വൈദ്യുതി അധികൃതരുടെ പ്രക്രിയയുമായി സഹകരിക്കുക.
6. വീടിന്റെ പരിസരത്ത് വളർത്തുന്ന വൃക്ഷങ്ങളുടെ ശാഖകൾ തൊട്ടടുത്തുകൂടി കടന്നു പോകുന്ന വൈദ്യുത കമ്പികളുമായി ബന്ധപ്പെടാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ എടുക്കുക.
7. ഫ്യൂസ് മാറ്റി ഇടുമ്പോൾ ഫ്യൂസ് വയറിന് പകരം ചെമ്പ് കമ്പി ഉപയോഗിക്കാതിരിക്കുക
8. മെയിൻ സ്വിച്ച് പ്രവർത്തനക്ഷമമായി വെയ്ക്കുക.
9. ശരിയായ രീതിയിൽ എർത്തിംഗ് നടത്തുക.
10. വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ വൈദ്യുതിയെ പ്രതിരോധിക്കുന്ന ഉപകരങ്ങൾ, സ്ക്രൂ ഡ്രൈവർ, കട്ടിംഗ് പ്ലെയർ മുതലായവ ഉപയോഗിക്കുക.
11. വൈദ്യുതി ഉപകരണങ്ങളുടെ ഉപയോഗത്തിനുശേഷം അവയുടെ വൈദ്യുത ബന്ധം പൂർണ്ണമായും വിച്ഛേദിക്കുകയും സോക്കറ്റിൽ നിന്നും പ്ലഗ് പിൻ ഊരി മാറ്റുകയും ചെയ്യുക.
12. ട്രാൻസ്ഫോർമറുകളുമായോ വൈദ്യുത പോസ്റ്റുകളുമായോ കേബിളുകളോ മറ്റ് വൈദ്യുത ഉപകരണങ്ങളുമായോ യാതൊരു വിധ സമ്പർക്കവും പുലർത്താൻ പാടുള്ളതല്ല.
13. ലൈനുകൾ പൊട്ടിക്കിടക്കുന്നതോ, താഴ്ന്നുകിടക്കുന്നതോ ആയി ശ്രദ്ധയിൽപ്പെട്ടാൽ **9496061061** എന്ന ഹെൽപ്പ്ലൈനിൽ ബന്ധപ്പെടുക.
14. നനവില്ലാത്ത ചെരുപ്പ് ധരിച്ച് മാത്രമേ സ്വിച്ചുകൾ ഓണാക്കാവൂ.
15. പൊട്ടിക്കിടക്കുന്ന എർത്ത് കമ്പിയിൽ സ്പർശിക്കാൻ പാടില്ല.
16. ഏതെങ്കിലും ഉപകരണം നനഞ്ഞതായോ വെള്ളം കയറിയതായോ കാണുകയാണെങ്കിൽ ആ ഉപകരണം ഉപയോഗിക്കരുത്.
17. ഇ.എൽ.സി.ബിയോ, എം.സി.ബിയോ ട്രിപ്പ് ആകുന്ന പക്ഷം ഉപകരണങ്ങൾ സ്വയം ഓണാക്കാൻ ശ്രമിക്കരുത്.
18. ജോയിന്റ് ഉള്ള പ്ലാസ്റ്റിക് വയർ ഉപയോഗിച്ച് താത്കാലിക വയറിംഗ് നടത്തരുത്.

(ഒപ്പ്)
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ